സത്യം വദ

# KERALA VELLALA MAHA SABHA



(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)


Head Office : 11/303, Thottamon, P.B. No. 9, Ranni Post, Pathanamthitta, Kerala - 689 672. Phone : 0473-5227571
Regional Office : 1st Floor, Jayabharatham Buildings, Opp. Secretariate, Statue, Trivandrum - 695 001
www.kvms.info.com e-mail : generalsecretarykvms@gmail.com


ധർമ്മം ചര


*President :*
N. MAHESAN., Rtd. RDO
42, Sneha Nagar, Kollamperambil,
Mathra, Punalur, Kollam
Mob : 94472 11629

*General Secretary :*
MANACAUD R. PADMANABHAN
No. 30, Harshan Nagar, Manacaud P.O.,
Thiruvananthapuram - 695 009
Mob : 94473 88006, 94953 88000

*Treasurer :*
RAJEEV THAZHAKKARA
Kanjirakatt, Thazhakkara
Mavelikkara, Alapuzha
Mob : 94952 10001


**സർക്കുലർ നം : 05/18-19** *Date : 04-02-2019*

## മഹാസഭ സ്വാഗതം ചെയ്യുന്നു.

സാമൂഹികനീതി നടപ്പാക്കുന്നതിന്റെ ഭാഗമായി, മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം നൽകുകയും, അതിനാവശ്യമായ ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന കേന്ദ്രസർക്കാർ തീരുമാനത്തെയും, അതോടൊപ്പം, കമ്മീഷനെ നിയമിച്ച് സംസ്ഥാനത്തെ മുന്നോക്ക വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുവാൻ സന്ദർഭോചിതമതായി പ്രവർത്തിച്ച കേരള സർക്കാരിന്റെ തീരുമാനത്തെയും മഹാസഭ സ്വാഗതം ചെയ്യുന്നു.

കേരള വെള്ളാള മഹാസഭ ഡയറക്ടർ ബോർഡിന്റെ 2018-19 ലെ 5-ാമത് യോഗം 2019 ഫെബ്രുവരി 2 ശനിയാഴ്ച രാവിലെ 11 മണിക്ക് മഹാസഭ പ്രസിഡന്റ് എൻ. മഹേശന്റെ അധ്യക്ഷതയിൽ, പ്രസിഡന്റിന്റെ വസതിയിൽ കൂടുകയുണ്ടായി. ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം എന്നിവയോടുകൂടി ആരംഭിച്ച യോഗത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. യോഗ തീരുമാനങ്ങൾ കീഴ്ഘടകങ്ങളുടെ അറിവിലേക്കും നടപ്പിലാക്കുന്നതിനുമായി ചുവടെ ചേർക്കുന്നു.

(1) മുൻ യോഗ റിപ്പോർട്ടും, റിപ്പോർട്ട് കാലാവധിക്കുള്ളിൽ നടന്ന പ്രവർത്തന റിപ്പോർട്ടും ജനറൽ സെക്രട്ടറിയും വരവ്-ചെലവ് കണക്കുകൾ ട്രഷററും അവതരിപ്പിച്ചു. ആയത് ചർച്ചകൾക്കു ശേഷം അംഗീകരിച്ചു.

(2) കേരള സംസ്ഥാനത്തിലെ മുന്നോക്ക സമുദായങ്ങളുടെ, സർക്കാരിന്റെ കരട് പട്ടികയിൽ വെള്ളാള സമുദായത്തെ ഉൾപ്പെടുത്തിയത് സംബന്ധിച്ച്, മഹാസഭ കൈക്കൊണ്ട നടപടികളുടെ പൂർണ്ണവിവരം അച്ചടിപ്പിച്ച് കീഴ്ഘടകങ്ങളെയും, മറ്റ് അഭ്യുദയകാംക്ഷികളെയും അറിയിക്കുവാൻ തീരുമാനിച്ചു.

(3) യൂണിയനുകളിൽ നിന്ന് ലഭിച്ച കത്തുകളുടെ അടിസ്ഥാനത്തിൽ, അവയുടെ പ്രവർത്തനപരിധി പുനക്രമീകരിച്ച് നൽകുവാൻ തീരുമാനിക്കുകയും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട യൂണിയൻ പ്രതിനിധികളായ ഡയറക്ടർ ബോർഡംഗങ്ങളെ ചുമതലപ്പെടുത്തി.

(4) സംസ്ഥാനത്തൊട്ടാകെ ജില്ലാതല/യൂണിയൻതല സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിന് അതാത് പ്രദേശത്തുള്ള ബോർഡംഗങ്ങളെ ചുമതലപ്പെടുത്തി.

(5) അയ്യാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വിശദമായ പ്രോജക്ടും, ഫീസിബിലിറ്റി റിപ്പോർട്ടും 2019 മാർച്ച് 31 ന് മുമ്പായി സമർപ്പിക്കുന്നതിന് ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(6) മഹാസഭ പ്രസിദ്ധീകരിച്ച 2019 ലെ തീയതി കലണ്ടർ, വാങ്ങി വിതരണം നടത്തി പദ്ധതി വിജയിപ്പിച്ച നൂറിൽപ്പരം ഉപസഭകളെ ബോർഡ് അഭിനന്ദിച്ചു.

(7) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കായി മഹാസഭ ശേഖരിച്ച 1,30,201/-രൂപ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറി.

(8) കേരള സർക്കാർ പ്രസിദ്ധീകരിച്ച മുന്നോക്ക സമുദായങ്ങളുടെ കരട് പട്ടികയിൽ ഭേദഗതികൾ നിർദ്ദേശിക്കാമെന്ന അറിയിപ്പ് കണക്കിലെടുത്ത്, മഹാസഭയുടെ പരാതികളും അഭിപ്രായങ്ങളും ബഹു. കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

(9) സമുദായ സംഘടനകളുടെ പ്രധാന ഭാരവാഹികളെ പങ്കെടുപ്പിച്ച് 2018 ഡിസംബർ 1ന് ബഹു. കേരള മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ക്ഷണമനുസരിച്ച് മഹാസഭ പ്രസിഡന്റും, ജനറൽ സെക്രട്ടറിയും പങ്കെടുത്തു.

(10) 2016-17 മുതലുള്ള വാർഷിക വരി, അംഗത്വഫീസ്, പ്രതിനിധി ഫീസ് എന്നിവ കുടിശ്ശികയുള്ള അതാത് ഉപസഭകളുടെ വിവരങ്ങൾ മുൻ സർക്കുലറിനോടൊപ്പം നൽകിയിരുന്നു. അടിയന്തിരമായി തന്നെ ഈ തുക മഹാസഭയിൽ ഒടുക്കണമെന്ന് താല്പര്യപ്പെടുന്നു.

## പൊതുവിഷയങ്ങൾ സംബന്ധിച്ചുള്ള മഹാസഭയുടെ നിലപാട്

പൊതുവിഷയങ്ങൾ സംബന്ധിച്ച് കീഴ്ഘടകങ്ങൾ തനതും വ്യത്യസ്ഥവുമായ നിലപാടുകൾ സ്വീകരിക്കുന്നതായി കണ്ടുവരുന്നു. ഇത്തരം വിഷയങ്ങളിന്മേൽ മഹാസഭ ഡയറക്ടർ ബോർഡ് യോഗം ചേർന്ന് ചർച്ച ചെയ്ത്, പ്രധാന ഭാരവാഹികൾ പുറപ്പെടുവിക്കുന്ന പ്രസ്താവന, മഹാസഭയുടെ നിലപാടായി കണക്കാക്കേണ്ടതാണ്.

മഹാസഭ യുവജന വിഭാഗം സെക്രട്ടറി എസ്. നാരായണൻ നന്ദി പ്രകാശിപ്പിച്ച് യോഗം വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

KERALA VELLALA MAHA SABHA KERALA STATE H.O. RANNI

മണക്കാട് ആർ. പത്മനാഭൻ (ജനറൽ സെക്രട്ടറി)